മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— സാധാരണ അങ്ങിനെ വിളിക്കാറില്ല.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഈ കാൺസ്റ്റബിളിനെ പുറത്തു തട്ടി വിളിച്ചുണർത്തി എന്നാണു പറയുന്നതു്. കമ്മീഷണരുടെ അഭിപ്രായത്തിൽ ഇതൊരു നല്ല നടപടിയാണോ എന്നു പറയാമോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഇതു വളരെ നന്നു് എന്നു പറയുവാൻ ഞാൻ തയ്യാറില്ല.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഇതിനെ സംബന്ധിച്ചു എന്തെങ്കിലും താക്കീതു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഇനി മേലാൽ ഇങ്ങിനെ ഉണ്ടാകരുതെന്നു താക്കീതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— സ്നേഹഭാവേന തട്ടിയുണർത്തി വിളിച്ചതിനു് പ്രമോഷൻ കൊടുത്തിട്ടുണ്ടോ അതോ ശിക്ഷ കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— സ്നേഹഭാവേന വിളിച്ചു എന്നു പറഞ്ഞിട്ടില്ല. ഇങ്ങിനെ മേലാൽ ഉണ്ടാകരുതു് എന്നു താക്കീതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— ഈ ഇൻസ്പക്ടർ ഇപ്പോൾ ടൌൺ ഇൻസ്പെക്ടർ തന്നെയാണോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അല്ല; റിസർവ്വ് സർജൻറാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ടാപ്പു ചെയ്തു എന്നു പറഞ്ഞു. എത്ര പ്രാവശ്യം ടാപ്പു ചെയ്തു എന്നു കംബ്ലെയിൻറിലുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ ഇൻസ്പെക്ടക്കു് ഇതിനുമുമ്പു മാനസികരോഗം (Mental disease) ഉണ്ടായിരുന്നതായി ഗവർമ്മെൻറിനറിയാമോ?

Grant of leave on medical certificate to Constable Sankaran.

ശ്രീമാൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

(ക) മെഡിക്കൽ സർട്ടിഫിക്കറുപ്രകാരം അവധിയിൽ പ്രവേശിച്ച കാൺസ്റ്റബിൾ ശങ്കരനെപ്പറ്റി ഈ സംഗതിയിൽ മേലധികാരത്തിലേക്കയച്ച റിപ്പോർട്ടിന്റെ പകർപ്പ് ഓരോ കൌൺസിലറുടേയും മേശപ്പുറത്തു വെക്കാമോ;

(ഖ) ടി ശങ്കരനോട് ഇതുകൾ സംബന്ധമായി വല്ല സമാധാനവും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഗ) ഉണ്ടെങ്കിൽ സമാധാനം ബോധിപ്പിച്ചുവോ?

മിസ്റ്റർ എ. എൽ. ഡേവസ്സി (*Commissioner of Police*).—

(ക), (ഖ), (ഗ) ചോദ്യം ഏതു ശങ്കരനെ ഉദ്ദേശിച്ചാണെന്നും, എന്ന നടന്ന സംഗതിയാണെന്നും തിരിച്ചറിയുവാൻ നിവൃത്തിയില്ലാത്തതിനാൽ മറുപടി പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഇപ്പോൾ തൃശ്ശൂർ ടൌണിൽ മഫ്ടിയായ വി. ശങ്കരൻ എന്ന കൺസ്റ്റബിൾ മെഡിക്കൽ സർട്ടിഫിക്കറിന്നു അപേക്ഷിച്ചപ്പോൾ ഇൻസ്പെക്ടർ ഡാക്ടരുടെ അടുക്കൽ ചെന്നു സർട്ടിഫിക്കറു കൊടുക്കരുതു് എന്നു പറയുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ഡേവസ്സി (*Commissioner of Police*).— നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ആയുർവ്വേദാശുപത്രിയിൽ സർട്ടിഫിക്കറു കൊടുക്കരുതു് എന്നു പറയുവാൻ ഇൻസ്പെക്ടർ പോയിട്ടുണ്ടായിരുന്നുവോ? സാധാരണയായിട്ടു മെഡിക്കൽ സർട്ടിഫിക്കറു ആവശ്യപ്പെടുമ്പോൾ മേലധികാരികൾ സർട്ടിഫിക്കറു കൊടുക്കരുതു് എന്നു പറയാറുണ്ടോ?

മിസ്റ്റർ എ. എൽ. ഡേവസ്സി (*Commissioner of Police*).— സർട്ടിഫിക്കറു കൊടുക്കരുതു് എന്നു ഡോക്ടമാരോടു പറയുകയോ!

Pattadars liable for payment of land revenue.

164. Mr. T. A. Ramachandra Ayyar (*Nellayi*).—Will the Government be pleased to state the total number of pattadars liable for the payment of land revenue in the State?

Mr. K. Achyuta Menon (*Diwan Peishkar*).—90,005.

Mr. T. A. Ramachandra Ayyar (*Nellayi*).—Does it include sub-pattadars and joint pattadars?

Mr. K. Achyuta Menon (*Diwan Peishkar*).—It includes all pattadars.

LIBRARY ARCHIVES Kerala Legislative Assembly